**പൊതുതിരഞ്ഞെടുപ്പ് 2025 അടിയന്തരം**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/132/2025-SEC-Part(2) തീയതി: **13-11-2025**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും

എല്ലാ വരണാധികാരികൾക്കും

എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ് 2025 -തിരഞ്ഞെടുപ്പ് പ്രഖ്യാപനം - തുടർനടപടി സ്വീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- കമ്മീഷന്റെ 10.11.2025 ലെ B2/132/2025/SEC-Part (1) നമ്പർ കത്ത്.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2025 ഡിസംബർ 09, 11 തീയതികളിൽ നടത്തുന്ന പൊതുതിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം 2025 നവംബർ 14-ന് പുറപ്പെടുവിക്കുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർനടപടി ചുവടെ ചേർക്കുന്നു.

1. മട്ടന്നൂർ നഗരസഭ ഒഴികെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വരണാധികാരികൾ https://www.sec.kerala.gov.in എന്ന വെബ് സൈറ്റിൽ RO Registration വഴി profile create ചെയ്ത ശേഷം വരണാധികാരിയുടെ ഔദ്യോഗിക വിലാസം, മൊബൈൽ നമ്പർ, സൂക്ഷ്മപരിശോധനാ സ്ഥലം, വോട്ടെണ്ണൽ കേന്ദ്രം എന്നിവ രേഖപ്പെടുത്തി log in ചെയ്ത് എല്ലാ വാർഡുകളിലെയും ഫാറം 1-ലെ തിരഞ്ഞെടുപ്പ് നോട്ടീസ് ഡൗൺലോഡ് ചെയ്ത് രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉറപ്പാക്കേണ്ടതും **2025 നവംബർ 14** ന് രാവിലെ 11 മണിക്ക് മുമ്പ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഏതെങ്കിലും തദ്ദേശസ്ഥാപനത്തിന് അത്തരത്തിൽ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ ഫാറം 1-ൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി തിരഞ്ഞെടുപ്പ് നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതും ഉടൻ തന്നെ വെബ് സൈറ്റിൽ ആവശ്യമായ അപ്ഡേഷൻ വരുത്തേണ്ടതുമാണ്.
2. നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്ന ആവശ്യത്തിലേക്ക് എല്ലാ വരണാധികാരികൾക്കും വോട്ടർപട്ടികയുടെ പ്രിന്റ് എടുത്ത് അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഉടൻ

ലഭ്യമാക്കേണ്ടതാണ്. ചെലവ് കണക്ക് സമർപ്പിക്കാതിരിക്കുകയോ കുറ്റമാറ്റം നടത്തുകയോ ചെയ്തിട്ടുള്ള സാഹചര്യത്തിൽ കമ്മീഷൻ അയോഗ്യരാക്കിയവരുടെ പേരിന് നേരെ വോട്ടർ പട്ടികയിൽ അടയാളം (*) മാർക്ക് ചെയ്ത് നൽകേണ്ടതാണ്.

3. **2025 നവംബർ 14** മുതൽ ലഭിക്കുന്ന നാമനിർദ്ദേശ പത്രികകളുടെ വിവരങ്ങൾ വരണാധികാരികളും ഉപവരണാധികാരികളും അതാത് ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പ് നോമിനേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
4. ഓരോ ദിവസവും ലഭിക്കുന്ന നാമനിർദ്ദേശ പത്രികകളുടെ ലിസ്റ്റ് (ഫാറം N3-ൽ) പ്രസ്തുത വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പ്രസിദ്ധീകരിക്കേണ്ടതും അവ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത ലിസ്റ്റിനോടൊപ്പം സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന 2A ഫാറത്തിന്റെ പകർപ്പും പ്രസിദ്ധീകരിക്കേണ്ടതാണ്.
5. നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്ന അവസാന ദിവസമായ **2025 നവംബർ 21** ന് ഓരോ വാർഡിലേക്കും ലഭിച്ച എല്ലാ നാമനിർദ്ദേശ പത്രികകളുടെയും ലിസ്റ്റ് (ഫാറം 3-ൽ) ഡൗൺലോഡ് ചെയ്ത് പ്രസിദ്ധീകരിക്കേണ്ടതാണ്.
6. **2025 നവംബർ 22** ന് സൂക്ഷ്മ പരിശോധന പൂർത്തിയായാലുടൻതന്നെ ആവശ്യമായ അപ്ഡേഷൻ വരുത്തി മത്സരിക്കാൻ യോഗ്യതയുള്ള സ്ഥാനാർത്ഥികളുടെ ലിസ്റ്റ് (ഫാറം 4-ൽ) ഡൗൺലോഡ് ചെയ്ത് പ്രസിദ്ധീകരിക്കേണ്ടതാണ്.
7. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്ന അവസാന തീയതിയായ **2025 നവംബർ 24** ന് വൈകുന്നേരം 3 മണിക്ക് ശേഷം മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റ് (ഫാറം-6) മലയാള അക്ഷരമാല ക്രമത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട വെബ് സൈറ്റിൽ അപ്ഡേഷൻ വരുത്തേണ്ടതും സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിച്ച് ബാലറ്റ് തയ്യാറാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.
8. ഫാറം നമ്പർ 1, ഫാറം നമ്പർ N 3, ഫാറം നമ്പർ 3, ഫാറം നമ്പർ 4 ,ഫാറം നമ്പർ 6 എന്നിവ നോമിനേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്
9. മേൽപ്പറഞ്ഞ തുടർ പ്രവർത്തനങ്ങൾക്ക് വരണാധികാരിയുടെ കൈപ്പുസ്തകം പരിശോധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 13-11-2025 19:19:11

PRAKASH.B.S
SECRETARY

പകർപ്പ് :

1. എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
2. എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ ഉപവരണാധികാരികൾക്കും
4. നാഷണൽ ഇൻഫർമാറ്റിക് ഓഫീസർ (എൻ.ഐ.സി)
5. സ്റ്റാന്റിംഗ് കൗൺസിൽ, സം.തി.ക
6. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും ( ബന്ധപ്പെട്ട ജില്ലകളെ സംബന്ധിച്ച് ആവശ്യമായ തുടർ നടപടികൾക്ക് )
7. പി.ആർ.ഒ, സം.തി.ക
8. കമ്മീഷണറുടെ പി.എസ്
9. കമ്മീഷണറുടെ സി.എ
10. സെക്രട്ടറിയുടെ സി.എ
11. ഐ.ടി സെൽ
12. സ്റ്റോക്ക് ഫയൽ